ശ്രീ രാം ചന്ദ്ര മിഷൻ®

ECHOES INDIA

സ്വകാര്യ പ്രചരണത്തിനു മാത്രം

ജൂലായ് 2013 വാല്യം 6 ലക്കം 4



## മാസ്റ്ററെക്കുറിച്ചുള്ള വാർത്തകൾ

**2013 – മെയ്**

പൂജ്യ ബാബുജിമഹാരാജിന്റെ ജന്മദിനാഘോഷം കഴിയുമ്പോഴേയ്ക്കും മാസ്റ്റർ പൂർണ്ണമായും തളർന്നവശനായിരുന്നു. ക്ഷീണിതനായിരുന്ന അദ്ദേഹം ദീർഘനേരം വിശ്രമിച്ചിരുന്നു. ജന്മദിനാഘോഷം കഴിയുന്നതുവരെ കർമ്മനിരതനായിരിക്കുവാൻ തന്റെ ഇച്ഛാശക്തിയെ മാസ്റ്റർ എങ്ങനെ ഉപയോഗിച്ചിരുന്നുവെന്നും പിന്നീട് അതിന്റെ കടിഞ്ഞാൺ സ്വമേധയാ എപ്രകാരം അഴിച്ചുവിട്ടെന്നും നമുക്കെല്ലാവർക്കും കാണുവാൻ സാധിച്ചിരുന്നു. ചികിത്സയും മരുന്നുകളും അദ്ദേഹത്തിന്റെ ആരോഗ്യത്തെ ബാധിച്ചിരുന്നു. അദ്ദേഹം വളരെ ക്ഷീണിതനും ഉറക്കച്ചടവുള്ളവനായും കാണപ്പെട്ടിരുന്നു. എന്നാൽ ചില ദിവസങ്ങളിൽ മാസ്റ്റർ ഉന്മേഷവാനായിരുന്നു. പ്രവചനാതീതമായിരുന്നു അദ്ദേഹത്തിന്റെ ആരോഗ്യനില, ഒരു ദിവസം ഉന്മേഷവാനായിരുന്നെങ്കിൽ അടുത്ത ദിവസം വളരെ ക്ഷീണിതനായിരിന്നു. മാസ്റ്ററുടെ സഹനങ്ങൾക്ക് മൂകസാക്ഷിയായിരിക്കേണ്ടിവരുന്നത് ദു:ഖമേറിയ കാര്യമാണ്. നമുക്ക് അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കുവാൻ മാത്രമേ സാധിക്കുകയുള്ളൂ.

മെയ്മാസം ആദ്യവാരം കഴിയുമ്പോഴേയ്ക്കും മാസ്റ്ററുടെ റേഡിയേഷൻ ചികിത്സ അവസാനിച്ചിരുന്നു. വേദന കുറഞ്ഞിരുന്നെങ്കിലും മരുന്നുകളും വേദനസംഹാരികളും കഴിക്കുന്നുണ്ടായിരുന്നു. നടക്കുന്നതിൽ നിന്നും മാസ്റ്ററെ ഡോക്റ്റർമാർ വിലക്കിയിരുന്നു. അദ്ദേഹം തന്റെ വീൽചെയറിൽ സഞ്ചരിക്കുന്നുണ്ടായിരുന്നു. ആവശ്യമാണെങ്കിൽ അൽപം നടക്കുവാൻ നടത്തസഹായി ഉപയോഗിക്കുവാൻ ഡോക്റ്റർമാർ നിർദ്ദേശിച്ചിരുന്നു. ഇത് അദ്ദേഹത്തിന്റെ സഞ്ചാരത്തെ ബാധിച്ചു. എന്നാലദ്ദേഹം പുതിയ രീതിയോട് പൊരുത്തപ്പെടുകയും തേജസ്സാർന്ന മന്ദഹാസം പൊഴിച്ച്കൊണ്ട് തന്റെ വീൽചെയറിൽ യാത്രതുടരുകയും ചെയ്തു. അപൂർവം ചില ദിവസങ്ങളിൽ സത്സംഗം നടത്തുവാനായ് വീൽചെയറിൽ വന്നിരുന്ന മാസ്റ്റർ തേജസ്സ്കൊണ്ട് ജ്വലിക്കുന്നത് ആർക്കും കാണാമായിരുന്നു. 2013 മെയ് 12 ഞായറാഴ്ച മാസ്റ്റർ മെഡിറ്റേഷൻ ഹാളിൽ ഒരു മണിക്കൂറിലേറെ നീണ്ട സത്സംഗം നടത്തി.

മാസ്റ്റർ മിക്ക വൈകുന്നേരങ്ങളിലും കോട്ടേജിന്റെ വെളിയിൽ വരികയും ഒരു മണിക്കൂറോളം മുൻവശത്ത് ഇരിക്കുകയും ചെയ്യാറുണ്ടായിരുന്നു. തന്മൂലം നിരവധിയഭ്യാസികൾക്ക് അദ്ദേഹത്തെ നേരിൽ കാണുവാൻ അവസരം ലഭിച്ചു. മാസ്റ്ററോട് വ്യക്തിപരമായ കാര്യങ്ങൾ സംസാരിക്കാനായില്ലെങ്കിൽകൂടിയും അദ്ദേഹത്തിന്റെ സാനിധ്യത്തിൽ മൗനമായി ഇരിക്കുവാൻ അവർക്ക് ലഭിച്ച മികച്ച അവസരമായിരുന്നു അത്. ചിലസമയങ്ങളിൽ മാസ്റ്റർ സംസാരിക്കാറുണ്ടായിരുന്നു. എന്നാൽ മിക്കപ്പോഴും അദ്ദേഹം മൗനം ഭജിച്ചിരുന്നു. കോട്ടേജിന്റെ പുറത്ത് മാസ്റ്റർ ഇരിക്കുമ്പോൾ മുന്നിലുള്ള വന്മരങ്ങളിൽ കൂടുകൂട്ടിയിരുന്ന അനേകം പക്ഷികൾ ആഹ്ലാദപൂർവം കളകൂജനം മുഴക്കിയിരുന്നു.

മെയ്മാസത്തിന്റെ മധ്യത്തിൽ മാസ്റ്റർ രോഗ പരിശോധനയും ചികിത്സയും തുടർന്നു. കഴിച്ചിരുന്ന മരുന്നുകളെല്ലാം മാസ്റ്ററെ ഏറെ ബാധിച്ചിരുന്നു. വിളറിയ നിലയിലായിരുന്നു അദ്ദേഹം കാണപ്പെട്ടിരുന്നത്. എന്തെങ്കിലും ജോലി ചെയ്തു തീർക്കാനുണ്ടെങ്കിൽ എത്ര വേദനയനുഭവിക്കുന്നുണ്ടെങ്കിലും അതൊന്നും പുറമേ കാണിക്കാതെ അത് മുഴുവനും ചെയ്തുതീർക്കുന്നത് കാണാമായിരുന്നു. ജോലി അവസാനിച്ചു കഴിഞ്ഞതിന് ശേഷം മാത്രമേ വേദന പ്രകടമാവുകയുള്ളൂ.










ഇത്തവണത്തെ ചികിത്സാവേളയിൽ, ഏകദേശം പത്ത് ദിവസത്തോളം അദ്ദേഹം വളരെ ക്ഷീണിതനായി കാണപ്പെട്ടു. ദിവസത്തിലെ അധിക സമയവും അദ്ദേഹം വിശ്രമിക്കുകയാവും. മാസത്തിൻെറ അവസാന ദിവസങ്ങളിൽ അദ്ദേഹത്തിന് വേദനയുള്ളതായി അനുഭവപ്പെട്ടു, അതിനാൽ അദ്ദേഹത്തെ എം.ആർ.ഐ സ്കാനിങ്ങിന് വിധേയനാക്കുവാൻ തീരുമാനിച്ചു. സ്കാനിംഗ് റിസൾട്ടുകൾ ശുഭകരമയാതു മാസ്റ്റർക്കും എല്ലാ ഡോക്ടർമാർക്കും ആശ്വാസമേകി.

ഒരു ബട്ടണിൻെറ സഹായത്താൽ ഉയർത്തുവാനും താഴ്ത്തുവാനും സാധിക്കുന്ന ഒരു ഇലക്ട്രോണിക് കസേര മാസ്റ്റർക്കിപ്പോഴുണ്ട്. അദ്ദേഹമതിനെ ഒരു ശിശു സഹജമായ കൗതുകത്തോടെയാണ് അത് പ്രവർത്തിപ്പിക്കുന്നത്.

മാസാവസാനമായപ്പോഴേക്കും മാസ്റ്ററുടെ നില നല്ലവണ്ണം ഭേദപ്പെട്ടു. തൻെറ ആരോഗ്യത്തിൽ പുരോഗതി യുണ്ടായപ്പോഴേക്കും അദ്ദേഹം തൻെറ പരമ പ്രധാനമായ പ്ര വർത്തിയായ പ്രിഫെക്റ്റ്കുളെ തയ്യറക്കുന്ന പ്രവർത്തിയിൽ മുഴുകി. മിക്ക ദിവസങ്ങളിലും അദ്ദേഹം പ്രഭാതത്തിൽ തന്നെ ഒരു പ്രിഫെക്റ്റ് സിറ്റിംഗ് നൽകുകയും പിന്നീട് പ്രാതലിന് ശേഷം ഏതെങ്കിലും അഭ്യാസിക്കായി വ്യക്തിഗതമായോ അല്ലെങ്കിൽ ഒരു കൂട്ടം അഭ്യാസികൾക്കായിട്ടോ സിറ്റിംഗുകൾ നൽകും.

ഒരു വൈകുന്നേരം കോട്ടേജിൻെറ അങ്കണത്തിൽ സഹോ.ഗുർപ്രീതിൻെറ ഭക്തി ഗാനാലാപനമുണ്ടായി. അഭ്യാസികൾ അങ്കണത്തിലിരുന്നപ്പോൾ മാസ്റ്റർ തൻെറ കാര്യാലയത്തിരുന്ന് പരിപാടി ശ്രദ്ധിച്ചു. കുറച്ച് കഴിഞ്ഞപ്പോൾ അദ്ദേഹത്തിന് ക്ഷീണം അനുഭവപ്പെട്ടതിനാൽ കുറച്ച് നേരം കിടക്കുവാൻ പോയി, എന്നാലുമദ്ദേഹം സഹോ.ഗുർപ്രീതിനോട് ഗാനാലാപനം തുടരുവാൻ അഭ്യർത്ഥിച്ചു.

മെയ് 28–ന് സഹോ.പി.ആർ.കൃഷ്ണയുടെ 56–ാം ജന്മദിനമായിരുന്നു. അദ്ദേഹത്തിനെ ആശംസിച്ച്, അനുഗ്രഹിച്ച മാസ്റ്റർ അവിടെ മുറിയിലുണ്ടായിരുന്ന എല്ലാവർക്കും പ്രസാദം വിതരണം ചെയ്തു. അന്ന് വൈകീട്ട് മഴ പെയ്തു, കടുത്ത വേനൽദിനങ്ങൾക്ക് അവസാനമായി എന്ന് സൂചിപ്പിച്ച് കൊണ്ട് ചെന്നൈ തണുത്തു.

മാസ്റ്ററുടെ പുതിയ ദിനചര്യകളിലൊന്ന് കോട്ടേജിന് പുറത്ത് വളരെ പ്രഭാതത്തിൽ തന്നെ വന്നിരിക്കലാണ്. അദ്ദേഹം 5 മണിക്ക് എഴുനേൽക്കും, പിന്നെ 5.30–ഓടെ പുറത്തേക്ക് വരികയും 6.15 ആകുമ്പോഴേക്കും അകത്തേക്ക് തിരികേ പോകുകയും ചെയ്യും. ആ സമയമാകുമ്പോഴേക്കും പ്രിഫക്റ്റാകുവാനുള്ള സഹോദരനോ സഹോദരിയോ എത്തിചേർന്നിട്ടുണ്ടാകും. തുടർന്നദ്ദേഹം സിറ്റിംഗ് ആരംഭിക്കും. തണുത്ത കാലാവസ്ഥ ആയതോടെ ഇതൊരു പതിവായി. മൊത്തത്തിൽ മാസ്റ്ററുടെ ആരോഗ്യത്തിൽ നല്ല പുരോഗതിയുണ്ട്. അദ്ദേഹം കൂടുതൽ ചലനാത്മകമാവുകയും അദ്ദേഹത്തിൻെറ സ്ഥിരം ദിനചര്യകളിലേക്ക് മടങ്ങി വരികയും ചെയ്യുന്നു.





**ജൂൺ 2013**

മാസ്റ്ററുടെ ആരോഗ്യം മെച്ചപ്പെട്ടതിനാൽ പ്രിഫക്റ്റുമാർക്കുള്ള സിറ്റിംഗുകൾ അദ്ദേഹം നൽകിതുടങ്ങി. ജൂൺ ഒന്നാം തിയ്യതി, അമേരിക്കയിലെ ആദ്യ തീവണ്ടിയുടെ ഒരു മാതൃക മാസ്റ്റർക്ക് ഒരഭ്യാസി സമ്മാനിച്ചു. ഇതിൽ കൗതുകം കാണിച്ച മാസ്റ്ററുടെ സന്തോഷം അവിടെ സന്നിഹിതരായിരുന്ന എല്ലാവരിലും പ്ര തിഫലിച്ചു. അദ്ദേഹം ആ സമ്മാനം സാമാന്യം വലുപ്പമുള്ളതായിരുന്നെങ്കിലും ശ്രദ്ധാപൂർവം തൻെറ ഷോകെയ്സിൽ വെച്ചു.

**എൽ.എം.ഒ.ഐ.എസ് വിദ്യാർത്ഥികൾക്കായുള്ള സെമിനാർ**

എൽ.എം.ഒ.ഐ.എസ് ലെ പൂർവ വിദ്യാർത്ഥികൾക്കായി രണ്ട് സെമിനാറുകൾ ജൂൺ ആദ്യ വാരങ്ങളിൽ നടന്നു. ആദ്യ സെമിനാർ ഒന്നാമത്തെ ആഴ്ച്ചയിലും രണ്ടാമത്തെ സെമിനാർ അടുത്ത ആഴ്ച്ചയിലുമാണ് നടന്നത്. ഇതിൻെറ സംഘാടകർ മാസ്റ്ററെ വന്നുകണ്ട്സെമിനാറിൻെറ നടത്തിപ്പിനെക്കുറിച്ചുള്ള സം ശയങ്ങൾ ദൂരീകരിച്ചു.

വൈകുന്നേരങ്ങളിൽ മാസ്റ്റർ വാക്കറിൻെറ സഹായത്താൽ കോട്ടേജിൻെറ മുൻവശം വരെ നടന്നു വന്ന് പുറത്തു വീൽചെയറിൽ ഇരിക്കാറുണ്ട്. ഇത് വ്യായാമവും ശുദ്ധവായുവും പ്രദാനം ചെയ്യുന്നതിലുപരി അഭ്യാസികളെ കാണുന്നതിനുള്ള അദ്ദേഹത്തിൻെറ താത്പര്യം സഫലമാക്കാനും ഉപകരിച്ചു.

ജൂൺ രണ്ടാം തിയ്യതി ഞായറാഴ്ച്ച മാസ്റ്റർ ധ്യാനമന്ദിരത്തിൽ ഒരു മണിക്കൂർ നീണ്ട സത്സംഗംനടത്തിയ ശേഷം കോട്ടേജിലേയ്ക്ക് മടങ്ങി. തലേന്നു വൈകീട്ടും അന്നു രാവിലേയുമായി മാസ്റ്റർ അഭ്യാസികളെ കണ്ടതിനാൽ കോട്ടേജിൽ വലിയ തിരക്കുണ്ടായിരുന്നില്ല. എല്ലാവരുടേയും ഹൃദയത്തിൽ സംതൃപ്തി നിറഞ്ഞുകാണാമായിരുന്നു. സംതൃപ്തിയും സന്തോഷവും എല്ലാവരിലും മാസ്റ്റർ നിറച്ച പ്രതീതി ആയിരുന്നു എല്ലായിടത്തും. “സന്തോഷം സംതൃപ്തി നൽകുന്നില്ല, പക്ഷേ സം തൃപ്തിയുടെ ഫലമാണ് സന്തോഷം” എന്നു മാസ്റ്റർ പറഞ്ഞു. മുറിയ്ക്കു പുറത്തു വന്നതിൻെറയും സത്സംഗം നടത്തിയതിൻേറയും സന്തോഷം മാസ്റ്ററിൽ കാണാമായിരുന്നു.

മാസ്റ്ററുടെ ഓഫീസ് റൂമിൽ അഭ്യാസികളുടെ ചെറുസം ഘവുമായുള്ള അദ്ദേഹത്തിൻെറ കൂടിക്കാഴ്ച്ച സന്തോഷകരമായ ചർച്ചയിലേയ്ക്കു നീണ്ടു:

- വിവര സാങ്കേതിക വകുപ്പിലെ അഴിമതികൾ: ഇന്നത്തെ ജീവിതം അതിമോഹവും അസന്തുഷ്ടിയും വളർത്താൻ മാത്രമേ ഉപകരിക്കുന്നുള്ളൂ.
- ഭയം നിങ്ങളെ നിങ്ങൾ ഭയക്കുന്നതിനോട് അടുപ്പിക്കുന്നു. നിങ്ങളുടെ ഭയമാണു മറ്റുള്ളവരിൽ പ്രതിഫലിക്കുന്നത്.
- നാലു തലമുറകളിലായി അഭ്യാസികൾ ഉള്ളത് മാസ്റ്ററുടെ കുടുംബത്തിൽ മാത്രമാണ്.

ഒമേഗയിലെ പൂർവവിദ്യാർത്ഥികളുടെ ആദ്യ സെമിനാറിൻെറ ആദ്യ ദിനമായിരുന്ന ജൂൺ മൂന്നാം തിയ്യതി മാസ്റ്റർ 9 മണിയ്ക്ക് പുറത്തു വന്നു സത്സംഗം നടത്തി. ഒരു മണിക്കൂർ നീണ്ട സത്സംഗത്തിനു ശേഷം മാസ്റ്ററുടെ ഒരു പ്രഭാഷണം ഉണ്ടായിരുന്നു . ഇന്ത്യയിലെ പല തലങ്ങളിലുമുള്ള അഴിമതികളെക്കുറിച്ചും ഭാവി തലമുറ തങ്ങളുടെ മാത്രമല്ല രാഷ്ട്രത്തിൻെറ ഭാവിയും നിർണ്ണയിക്കുന്ന ഉത്തരവാദിത്വം സ്വയം ഏറ്റെടുക്കുന്നതിനെക്കുറിച്ച് മാസ്റ്റർ തൻെറ ആവേശഭരിതമായ പ്രഭാഷണത്തിൽ സൂചിപ്പിച്ചു. സമൂഹത്തിൻെറ പ്രേരണയ്ക്കനുസരിച്ച് വിദ്യാർത്ഥികൾ മാററുതെന്നും പകരം സമൂഹത്തിൽ മാറ്റമുണ്ടാക്കുന്ന ഉൾപ്രേരകങ്ങൾ ആയിത്തീരണമെന്നും മാസ്റ്റർ ഉത്ബോധിപ്പിച്ചു. ഇതാണ് താൻ ഒമേഗയിലെ വിദ്യാർത്ഥികളിൽ നിന്നും പ്രതീക്ഷിക്കുന്നതെന്നും അവർ നല്ല മാർക്ക് വാങ്ങി, ആഗ്രഹങ്ങൾക്ക് പ്രാധാന്യം നൽകുന്നവർ ആയാൽ മാത്രം പോരാ, പകരം മാനുഷിക മൂല്യങ്ങൾക്ക് പ്രാധാന്യം നൽകുന്നവരാകണമെന്നും അദ്ദേഹം പറഞ്ഞു. പണം സംതൃപ്തിയൊ സന്തോഷമോ നൽകുന്നില്ലെന്നും സംതൃപ്തിയാണ് സന്തോഷം നൽകുന്നതെന്നും അദ്ദേഹം ആവർത്തിച്ചു. മറ്റു ചില അഭ്യാസികളോട് സംസാരിക്കാനും മാസ്റ്റർ ആവശ്യപ്പെട്ടു. എല്ലാ ദിവസവും രാവിലെ 9 മണിയ്ക്ക് പൂർവ വിദ്യാർത്ഥികളെല്ലാവരോടും സത്സംഗിനു വരുവാൻ മാസ്റ്റർ ആവശ്യപ്പെട്ടു.







## വർക്കിംഗ് കമ്മിറ്റി മീറ്റിംഗ്

ജൂൺ 5–ാം തീയതി, ബുധനാഴ്ച ഏഴു വിവാഹങ്ങൾ നടത്താനുള്ളതുകൊണ്ട് മാസ്റ്റർ സത്സംഗത്തിനു നേരത്തെ തയ്യാറായി. എന്നാൽ സത്സംഗത്തിനുശേഷം വർക്കിംഗ് കമ്മിറ്റി മീറ്റിങ്ങിൽ പങ്കെടുക്കാനുള്ളതുകൊണ്ട് ഡോക്ടറുടെ ഉപദേശപ്രകാരം അദ്ദേ ഹം കോട്ടേജിൽ വിശ്രമമെടുത്തു. പകരം സഹോ. കമലേഷ് മെഡിറ്റേഷൻ ഹാളിലേക്കു പോയി. വർക്കിംഗ് കമ്മിറ്റി അംഗങ്ങൾ കോട്ടേജിൽ യോഗം ചേരുകയും മാസ്റ്റർ കുറെ നാളുകൾക്കു ശേഷം മുഴുവൻ സമയവും മീറ്റിങ്ങിൽ പങ്കെടുക്കുകയും ചെയ്തു. മാസ്റ്റർ മീറ്റിങ്ങിൻെറ അവസാനത്തിൽ യോഗത്തിൽ ചേരുകയാണു പതിവ്. മൊത്തത്തിൽ കാര്യപരിപാടികൾ അവലോകനം ചെയ്ത മാസ്റ്റർ മിഷ്യൻെറ സിംഗപൂരിലും ഖത്തറിലുമുള്ള മെഡിറ്റേഷൻ ഹാൾ, ബാക്കലൗരീറ്റ് അന്തർദേശീയ അവാർഡിനായ് എൽ എം ഒ ഐ സ്കൂൾ തിരഞ്ഞെടുത്തു, മിഷ്യനിലെ പ്രിഫെക്റ്റുകൾക്കും അഭ്യാസികൾക്കുമുള്ള പരിശീലന പരിപാടികളുടെ ഗുണനിലവാരമുയർത്തൽ എന്നീ നല്ല കാര്യങ്ങൾ നടക്കുന്നതിൽ സംതൃപ്തി പ്രകടിപ്പിച്ചു.

ഭാരതത്തിലെ ആശ്രമങ്ങളുടെ എണ്ണം പെരുകുന്നതിനേക്കുറിച്ചു മാസ്റ്റർ സൂചിപ്പിച്ചു, പക്ഷെ സഹജമാർഗ്ഗത്തിൽ ആത്മസമർപണം ചെയ്ത രണ്ട് കുടുംബങ്ങൾ അവിടെ താമസിച്ച് ഓരോ ആശ്രമത്തിൻേറയും നടത്തിപ്പിൽ താത്പര്യം കണിക്കുന്നില്ല എന്നതിൽ അദ്ദേഹം ഖേദിച്ചു. തൻെറ പക്കൽ വിരമിച്ച അഭ്യാസികളുടെ/പ്രിഫെക്റ്റുകളുടെ പട്ടികയുണ്ടെന്നും, പക്ഷെ അവരാരുംതന്നെ ആവശ്യമുള്ളിടത്തേക്കു പോകുവാൻ തയ്യാറല്ലെന്നും അദ്ദേഹം പറഞ്ഞു.“

മീറ്റിങ്ങിൻെറ അവസാനം അദ്ദേഹം പതുക്കെ കസേരയിൽനിന്നും എഴുന്നേറ്റ് സ്വയം വാക്കറിൽ ഊന്നിക്കൊണ്ട് അദ്ദേഹത്തിൻെറ ഓഫീസിലേക്ക് നീങ്ങി. “അദ്ദേഹം വേദന തരും, ഒപ്പം അത് താങ്ങുവാനുള്ള ശക്തിയും തരും” എന്ന് അദ്ദേഹം പറയുന്നതു കേൾക്കമായിരുന്നു. വളരെ ക്ഷീണിതനായിരുന്നെങ്കിലും വിശ്രമമെടുക്കുന്നതിന്നു മുമ്പ് അദ്ദേഹം അന്നേദിവസം വിവാഹം കഴിച്ച എല്ലാ ദമ്പതികളേയും കണ്ടു. അദ്ദേഹം അവരെയെല്ലാവരേയും അനുഗ്രഹിക്കുകയും, അവരോടു സംസാരിക്കുകയും ഒപ്പം ഫോട്ടോയെടുക്കുകയും ചെയ്തു.

### എൽ.എം.ഒ.ഐ.എസ്. വിദ്യാർഥികളുമായുള്ള സംഭാഷണങ്ങൾ

മാസ്റ്റർ ഒമേഗ അലുംനി അംഗങ്ങളുമായി കുറേയധികം സമയം ചെലവഴിച്ചു. സെമിനാർ സംഘത്തിൽപെട്ട എഴുപതിൽപ്പരം വിദ്യാർഥികളും ഒരു സമയത്തു മാസ്റ്ററുടെ ഓഫീസിൽ അദ്ദേഹത്തിനു ചുറ്റുമുണ്ടായിരുന്നു. അവരുന്നയിച്ച ചോദ്യങ്ങൾക്കെല്ലാം അദ്ദേഹം കൂടുതൽ ഉത്സാഹത്തോടുകൂടി മറുപടി പറഞ്ഞു.

ഒരു സഹോദരി രാവിലെ നേരത്തെ എഴുന്നേൽക്കുന്നതിന്നും ധ്യാനം ചെയ്യുന്നതിനും വിഷമമുണ്ടെന്നു പറഞ്ഞു. അതിനു മാസ്റ്റർ മറുപടി പറഞ്ഞു “നോക്കു, ഞാൻ എൻെറ ശയനമുറിയിൽനിന്നും ദിവസവും രാത്രി പക്ഷികൾ ചിലക്കുന്നതു കേൾക്കാറുണ്ട്. ചിലപ്പോൾ ഒരു പക്ഷി രാത്രി സുമാർ രണ്ടു മണിക്കു ശേഷം ഉറക്കച്ചടവോടുകൂടി ചിലക്കുന്നത് കേൾക്കാറുണ്ട്. സുമാർ മൂന്നര മണിയാകുമ്പോൾ അരഡസനോളം പക്ഷികൾ പാടിത്തുടങ്ങുന്നു, അഞ്ചു മണിയാകുമ്പോൾ അവ ഉണർന്ന് പാട്ട് പാടുന്നു, പരസ്പരം വിളിക്കുന്നു. ആയതിനാൽ ഇതൊരു പതിവായി മാറ്റു, ഞാൻ നേരത്തെ എഴുന്നേറ്റിട്ടെന്തു ചെയ്യുമെന്നു ചോദിക്കരുത്. നിങ്ങൾക്കറിയാമല്ലൊ, ഞാൻ ദിവസത്തെ മുഴുവൻ ജോലിയും തീരാതെ ഉറങ്ങാറില്ല, അതെന്തുതന്നെയായാലും ശരി. ഞാനൊരു ജോലിയും നാളത്തേക്കു നീട്ടിവെക്കാറില്ല. ഒന്നും തന്നെ, മെയിലുകളാകട്ടെ, കത്തുകളാകട്ടെ, അഥവാ, സിറ്റിങ്ങുകളാകട്ടെ. മറ്റുള്ളവർ പറയും, ‘ഓ, നിങ്ങൾ ക്ഷീണിതനാണ്, വിശ്രമിക്കണം’ പക്ഷെ ഞാൻ പറയും, ‘ഇല്ല, വിശ്രമമില്ല, ജോലി തീർന്നശേഷമെ ഞാൻ വിശ്രമിക്കുകയുള്ളു’. വിശ്രമം പ്ര വർത്തികൾക്കിടയ്ക്കു വേണ്ട ഒന്നല്ല എന്നു നിങ്ങൾക്കറിയാമല്ലൊ. ജോലി തീർന്നശേഷം വിശ്രമിക്കു. ഇല്ല, ഇല്ല, ഞാൻ വളരെ ക്ഷീണിതനാണ്,.... ഇല്ല, നിങ്ങൾ അത്രക്ക് ക്ഷീണിതനല്ല. ഇതൊരു മോശമായ സ്വഭാവമാണ്. അച്ചടക്കരാഹിത്യം ഒരു മോശമായ സ്വഭാവമാണ്. അച്ചടക്കം ഒരു നല്ല സ്വഭാവമാണ് .

വിവാഹത്തെക്കുറിച്ചു മാസ്റ്റർ പറഞ്ഞു: “നിങ്ങളുടെ കണ്ണുകൾ തീരുമാനിക്കണ്ട. നിങ്ങളുടെ ഹൃദയം തീരുമാനിക്കട്ടെ. നിങ്ങളുടെ മാതാപിതാക്കളുടെ നിർബന്ധത്തിനു വഴങ്ങരുത്. അവരോടിത് നിങ്ങളൂടെ ജീവിതമാണെന്നു പറയു. നിങ്ങൾക്ക് നിങ്ങളുടെ ജീവിതമുണ്ടായിരുന്നു. നിങ്ങളോടു ഞാൻ ഇന്നാള വിവാഹം കഴിക്കണമെന്നു പറഞ്ഞില്ല, അതുകൊണ്ട് എന്നോടിന്നാളെ കല്യാണം കഴിക്കണമെന്നു പറയരുത്. എൻെറ ഹൃദയം പറയുന്നയാളെ പറയുന്നസമയത്ത് ഞാൻ കല്യാണം കഴിക്കും. ജാതിക്കോ, പണത്തിനോ, മറ്റെന്തെങ്കിലിനുമോ യാതൊരു പരിഗണനയുമില്ല, അമിതാഭ് ഭച്ചനുമില്ല, ശരിയല്ലെ!!!

ഒരു പെൺകുട്ടി അവൾക്ക് രാഷ്ട്രീയം പഠിക്കണമെന്നു പറഞ്ഞു. മാസ്റ്റർ പറഞ്ഞു: “രാഷ്ട്രിയം ഒരു വൃത്തികെട്ട വിഷയമാണ്. അതു മാലിന്യങ്ങളും, ദുശ്ശീലങ്ങളും നിറഞ്ഞതാണു. എനിക്കു നിയമങ്ങളിഷ്ടമല്ല, എനിക്കു രാഷ്ട്രീയമിഷ്ടമല്ല. നിങ്ങൾക്കു



രണ്ടിലും നുണകൾ പറയേണ്ടിവരും. 'സത്യം വദ' സാധ്യമല്ല. 'ധർമം ചര' സാധ്യമല്ല. ഞാൻ വലിയ വക്കീലുകളെയും ജഡ്ജുകളെയും കാണാറുണ്ട്. നിങ്ങൾ കളവുപറയുന്നവരാണെന്ന് ഞാൻ പറയുമ്പോൾ അവർ പറയും ഞങ്ങൾ അന്യായക്കാരൻ പറയുന്നതുപ്രകാരം മാത്രമെ ചെയ്യുന്നുള്ളു എന്ന്. വക്കീലുകൾ ന്യായാധിപന്മാരെ ശരിയായ വിധിനിർണ്ണയം നടത്താൻ സഹായിക്കേണ്ടവരാണ്. പക്ഷെ അവർ കക്ഷിയെ ജയിക്കാൻ സഹായിക്കുക മാത്രമാണ് ചെയ്യുന്നത്. ആദ്യത്തെ സത്യസന്ധയായ രാഷ്ട്രീയ പ്രവർത്തക താനായിരിക്കും എന്ന് ആ പെൺകുട്ടി ഉറപ്പു നൽകി. പക്ഷെ മാസ്റ്റർ പറഞ്ഞു: 'അങ്ങനെ നിങ്ങൾ ആദ്യത്തെ സത്യസന്ധയായ രാഷ്ട്രീയക്കാരിയായാൽ പൊരുത്തപ്പെട്ടു പോവാൻ ആവില്ലെന്ന് ഉടൻ തന്നെ നിങ്ങൾക്കു മനസ്സിലാവും. ഇന്നത്തെ സാഹചര്യത്തിൽ ആരും സഹനശക്തിയുള്ളവരല്ല. നിങ്ങളെ വലിച്ചെറിയും'. അദ്ദേഹം കൂട്ടിച്ചേർത്തു, "നിങ്ങളെ സഹായിക്കുന്നതായ എന്തെങ്കിലും ചെയ്യു. നിങ്ങളെ, ഈ രാജ്യത്തെ, സഹായിക്കുന്നതെന്തെങ്കിലും. സാങ്കൽപ്പികമായ കാര്യങ്ങൾക്കു പിറകെ പോവാതിരിക്കുക. എനിക്ക് രാഷ്ട്രീയത്തിൽ മാറ്റം വരുത്തണമെന്നുണ്ട്. ഒരിക്കൽ ഞാൻ എൻെറ ഗുരു ബാബുജി മഹാരാജിനോട് അഴിമതിയെപ്പറ്റി ചോദിച്ചു. ദൈവത്തിനു മാത്രമേ അത് മാറ്റാനാവൂ എന്നാണ് അദ്ദേഹം പറഞ്ഞത്. ഒറ്റയാൾക്കും പരീക്ഷിച്ചു നോക്കാൻ പറ്റാത്തത്ര ആഴവും പരപ്പുമുണ്ടതിന്. അത് കൊണ്ട് നമ്മൾ പ്രാർത്ഥിക്കുന്നു. രാഷ്ട്രീയത്തിൽ മാറ്റങ്ങൾ വരുത്താൻ നമ്മൾ രാഷ്ട്രീയത്തിലുണ്ടാവണമെന്നില്ല. സ്വന്തം കരുതലിനു വേണ്ടി നിയമങ്ങൾ പാലിക്കാൻ ഓരോരുത്തരും സന്നദ്ധരാവണം. സത്യം പറയുമ്പോൾ ആരും നിങ്ങളെ കൈയടിച്ചു പ്രോത്സാഹിപ്പിക്കാനുണ്ടാവില്ല. പക്ഷെ നിങ്ങളുടെ ഉള്ളിൽ നിങ്ങൾ സത്യസന്ധനാണ് എന്ന തൃപ്തിയുണ്ടാവും. എൻെറ മാസ്റ്റർ പറഞ്ഞിട്ടുണ്ട് സത്യസന്ധത തന്നെയാണ് അതിൻെറ പ്രതിഫലം എന്ന്, കാരണം ആളുകൾ ചോദിക്കും നിങ്ങൾ സത്യസന്ധനായിട്ട് എന്ത് ലഭിക്കുമെന്ന്. ഞാൻ സത്യസന്ധനായതുകൊണ്ട് എനിക്കൊന്നും ലഭിക്കേണ്ടതില്ല. നമ്മളെന്താണു ചെയ്യേണ്ടത്, അത് നമ്മൾ ചെയ്യുന്നു. അതു തന്നെയാണ് അതിൻെറ പ്രതിഫലം.

ഒരു കുട്ടി പറഞ്ഞു, 'മാസ്റ്റർ എനിക്ക് എൻെറ അച്ഛൻെറ ബിസിനസ്സ് ചെയ്യാനാണ് താത്പര്യം'. മാസ്റ്റർ പറഞ്ഞു "ശരി. പക്ഷെ സത്യസന്ധമായ ബിസിനസ്സ് എപ്പോഴും വിജയിക്കുമെന്ന് ഓർക്കുക. സത്യസന്ധമായ നിക്ഷേപം എട്ടോ ഒൻപതോ പത്തോ ശതമാനം വരുമാനം തരുമായിരിക്കും. പക്ഷെ കാപട്യമുള്ള നിക്ഷേപം 40% നേട്ടം തരും. പക്ഷെ അപ്പോൾ അവിടെ ഒരു അപായസാധ്യത ഉണ്ട്. അല്ലെ? നിങ്ങൾക്കൊരുപക്ഷെ പണം നഷ്ടമായേക്കാം, ചീത്തപ്പേരു വന്നേക്കാം, ചിലപ്പോൾ നിങ്ങൾക്ക് ജയിലിൽ പോവേണ്ടി വന്നേക്കാം. സത്യസന്ധത ഇത്രക്കുള്ള ലാഭമൊന്നും തരില്ല. പക്ഷെ നിങ്ങളുടെ സമ്പാദ്യം സുരക്ഷിതമാണെങ്കിൽ നിങ്ങൾക്കു സന്തോഷത്തോടെ ജീവിക്കാം'.

തനിക്കെന്താണു ചെയ്യേണ്ടത് എന്ന് അറിഞ്ഞുകൂടാ എന്ന് ഒരു കുട്ടി പറഞ്ഞു. മാസ്റ്റർ മറുപടി നൽകി,"വിഷമിക്കേണ്ട, വാതിൽ ഒരിക്കൽ തുറക്കും. നിങ്ങൾ ഒരു പാതയിലൂടെ മാത്രമാണു നടക്കുന്നതെങ്കിൽ വിഷമിക്കേണ്ട. പക്ഷെ അവിടെ ഒരു ശായും 3 വഴികളും ഉണ്ടെങ്കിൽ നിങ്ങൾക്ക് ഏതു തിരഞ്ഞെടുക്കണമെന്ന് ചിന്തിക്കേണ്ടിവരും. അപ്പോൾ തിരഞ്ഞെടുക്കേണ്ടതിൻെറ പ്രശ്നമുണ്ട്. നിങ്ങൾക്ക് തിരഞ്ഞെടുക്കാൻ പലവഴികളുണ്ടാവുമ്പോൾ, നിങ്ങൾ കരുതും അവിടെ 3 വഴികളുണ്ട്, 5 വഴികളുണ്ട്, 15 വഴികളുണ്ട് എന്നൊക്കെ. അപ്പോൾ നിങ്ങൾക്കു ഉത്ക്കണ്ഠയുണ്ടാവും, രക്ത സമ്മർദ്ദമുണ്ടാകും. കാരണം നിങ്ങൾക്കറിയില്ല ഏത് തിരഞ്ഞെടുക്കണമെന്ന്. നിങ്ങളുടെ ഹൃദയത്തിനതറിയാം. പക്ഷെ പ്രശ്നം മനസ്സ് ഒരു വശത്തേക്കും ഹൃദയം മറ്റൊരു വശത്തേക്കും വലിക്കുന്നു എന്നതാണ്. അതുകൊണ്ട് മനസ്സിനോട് നിശ്ശബ്ദമാവാൻ പറഞ്ഞ് ഹൃദയത്തെ പിന്തുടരുക. നിങ്ങൾക്കൊരിക്കലും തെറ്റില്ല.

ജൂൺ മധ്യമാവുമ്പോഴേക്കും രണ്ടു സെമിനാറുകളും കഴിയുകയും കോട്ടേജും, മാസ്റ്റർ കൂടുതൽ ആരോഗ്യവാനായതിനാൽ ദിനചര്യകളും പഴയപടിയാവുകയും അദ്ദേഹത്തിൻെറ സമയം എല്ലാ അഭ്യാസികൾക്കും ലഭ്യമാവും വിധം ക്രമീകരിക്കുകയും ചെയ്യുകൊണ്ടിരിക്കുകയാണ്.



**സഹജസന്ദേശം നമ്പർ: 2013.26 2013 ജൂൺ 6, വ്യാഴം**

പൂജ്യ മാസ്റ്ററുടെ ആരോഗ്യസ്ഥിതിയെ സംബന്ധിച്ച വിശകലനം
പ്രിയ സഹോദരീ സഹോദരന്മാരെ,

മാസ്റ്ററുടെ ആരോഗ്യസ്ഥിതി സംബന്ധിച്ച കഴിഞ്ഞ വിശകലനം ഒരു മാസമായി. ചികിത്സയോട് മാസ്റ്റർ അനുകൂലമായി പ്രതികരിക്കുന്നുണ്ട്. പ്രതീക്ഷിക്കുന്ന നിലവാരത്തിലേക്ക് സുപ്പെട്ടുവരുന്നുണ്ട്. എല്ലുകൾ ശക്തി ആർജിക്കുകയും ചലനശക്തി കൂടുകയും ചെയ്യു. പൂർണ്ണമായി സുപ്പെടാൻ 2 മാസം എടുക്കുമെന്നു കരുതുന്നു.

ഡോ. നട്‌വർ ശർമ

## ഒമേഗ പൂർവവിദ്യാർത്ഥി സമ്മേളനം

ജൂൺ ആദ്യ പകുതിയിൽ നടത്തിയ ലാലാജി മെമ്മോറിയൽ ഒമേഗ ഇൻറർനാഷണൽ സ്കൂളിലെ പൂർവ വിദ്യാർത്ഥി സംഗമത്തിൽ ആദ്യത്തെയും രണ്ടാമത്തെയും ബാച്ചിൽ നിന്നുമായി ഏകദേശം 75 കുട്ടികൾ പങ്കെടുത്തു. സെമിനാറിനായി അനുമതി കിട്ടിയതു മുതൽ അവർ മാസ്റ്ററെ കാണുവാനായി അക്ഷമരായിരിക്ക ുകയും അവസാനം അദ്ദേഹത്തെ കണ്ടപ്പോൾ അവരുടെ ഹൃദയം നിറഞ്ഞു തുളുമ്പുകയുമായിരുന്നു. സെമിനാറിൻെറ ആദ്യ ദിവസം തന്നെ അദ്ദേഹം അവർക്കു സിറ്റിംഗ് കൊടുക്കുകയും അതിനുശേഷം അവരെ അഭിസംബോധന ചെയ്യുകയും ചെയ്തു. അദ്ദേഹം അവരോട് സംതൃപ്തരാകുന്നതിൻേറയും സത്യസന്ധരാവുന്നതിൻെറയും ആവശ്യകതയെക്കുറിച്ചും സംസാരിച്ചു. അദ്ദേഹം അവരെ പതാകവാഹകരാവനും വരാനിരിക്കുന്ന ഇന്ത്യയെക്കുറിച്ചുള്ള അദ്ദേഹത്തിൻെറ ദീർഘവീക്ഷണത്തിൽ, സ്വയം മാറാതെ മാറ്റത്തിനു തുടക്കമുണ്ടാക്കുന്ന പ്രേരകഘടകമാവാനും കാര്യക്ഷമമായി അവരവരുടെ പങ്കു വഹിക്കുവാനും പ്രേരിപ്പിച്ചു.

രണ്ടാം ദിവസം ആരംഭിച്ചതു രാവിലെ 9 മണിക്ക് മാസ്റ്ററുടെ കോട്ടേജിൽ വച്ചുള്ള സത്സംഗത്തോടെയായിരുന്നു; തുടർന്നു സഹോ.കമലേഷ് പട്ടേലിൻെറ പ്രഭാഷണവും ഉണ്ടായി. അതിൽ അദ്ദേഹം മൂന്നു കാര്യങ്ങളെക്കുറിച്ചാണു സംസാരിച്ചത്: തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം, ധാരണ, പിന്നെ സംതൃപ്തിയും.

അടുത്ത മൂന്നു ദിവസങ്ങളിൽ നിർവാഹകരും പങ്കെടുത്ത അംഗങ്ങളും തമ്മിൽ ഗാഢമായ ചർച്ചകൾ ഉണ്ടായിരുന്നു. ദൈനംദിന സാധന, മനോഭാവം, യോജിച്ചു പോവുന്നതിൽ ഉണ്ടാവുന്ന പ്രശ്നങ്ങൾ എന്നീ വിഷയങ്ങളെല്ലാം അവർ കൈകാര്യം ചെയ്തു. എല്ലാവർക്കും അവരവരുടെ ബുദ്ധിമുട്ടുകൾ ചർച്ച ചെയ്യുവാനും, സ്വന്തം അനുഭവങ്ങൾകൊണ്ടു പരസ്പരം പിന്തുണക്കുവാനും, സംഘാടകരിൽ നിന്നും നിരവധി നിർദ്ദേശങ്ങൾ ലഭിക്കുവാനും പറ്റിയ ഒരു വേദിയായിരുന്നു അത്. അഞ്ചാം ദിവസം, അതിൽ പങ്കെടുത്തവർ സെമിനാറിൽ നിന്നും അവർ മനസ്സിലാക്കിയതു മറ്റുള്ളവർക്കായി അവതരിപ്പിച്ചു. പൂർവവിദ്യാർത്ഥികൾ സ്കൂൾ സന്ദർശിച്ച് അദ്ധ്യാപകരേയും മറ്റു ജീവനക്കാരേയും കാണുകയും അവരുടെ കൂടെ ഒരു ദിവസം ചിലവഴിക്കുകയും ചെയ്തു. സഹോ. പി.ആർ. കൃഷ്ണയും സഹോ.പുനിത് ലാലാഭായിയും അവരുമായി സമ്പർക്കം പുലർത്തി.

സെമിനാർ അവസാനിപ്പിക്കുന്നതിനു മുൻപു, കുട്ടികൾ മാസ്റ്റർക്കായി ഒരു ചെറിയ സാംസ്കാരിക പരിപാടി സംഘടിപ്പിച്ചിരുന്നു. അതിൽ കുറച്ചു പാട്ടുകളും ഒരു “ഗർബാ” ഡാൻസും ഉൾപെടുത്തിയിരുന്നു. സഹോ. കമലേഷ് പട്ടേൽ, “സംപ്രേഷണത്തിൻെറ അനന്തരഫലം എന്താണ്” എന്ന ചോദ്യത്തോടെ സെമിനാർ ഔപചാരികമായി അവസാനിപ്പിച്ചു. സെമനാറിൽ പങ്കെടുത്തവരോടു അടുത്ത കൊല്ലം വരുമ്പോൾ ഇതിൻെറ ഉത്തരം ആലോചിച്ചു കൊണ്ടുവരാൻ പറഞ്ഞു.

സാംസ്കാരിക പരിപാടിക്കു ശേഷം അവർ എല്ലാവരും മാസ്റ്ററെ കണ്ട് ഗ്രൂപ് ഫോട്ടോയും എടുത്തു. ഫോട്ടോ എടുത്തുകൊണ്ടിരിക്കുമ്പോൾ മാസ്റ്റർ പറഞ്ഞു, “പൂർവ വിദ്യാർത്ഥികൾ ഒമേഗയുടെ ആത്മാക്കളാണ്. ഫോട്ടോയുടെ പ്രിൻറ് എടുക്കുമ്പോൾ അതിൽ ‘ഒമേഗയുടെ ആത്മാവ്’ എന്ന് തലക്കെട്ട് കൊടുക്കണം.

പിറ്റേന്നു കുട്ടികൾ, അവരുടെ ചുമലിൽ ഉത്തരവാദിത്വവും ഹൃദയം നിറച്ചു സ്നേഹവും, ധൈര്യവും, തീവ്രാഭിലാഷവും, അടുത്ത കൊല്ലം കൂടുതൽ തയ്യാറെടുപ്പോടെ വരണം എന്നുള്ള ദൃഢവിശ്വാസത്തോടും കൂടി അവിടെ നിന്നും തിരിച്ചു പോയി.

## ഒമേഗയുടെ പ്രതീക്ഷ - ഒരു സംഘാടകൻെറ കാഴ്ചപ്പാട്

എല്ലാത്തരത്തിലുള്ള അഴിമതിയും അതിനോടുള്ള ഒരുതരം മരവിപ്പും വളർന്ന് വരുന്ന ഈ കാലത്ത്, ഒമേഗ സ്കൂളും അതിൻെറ പൂർവ വിദ്യാർത്ഥികളും ഭാവിയിൽ പ്രതീക്ഷയ്ക്കു വക തരുന്നു. സ്കൂളിൻെറ സുരക്ഷിതമായ ചുറ്റുപാടിൽ നിന്നും കുട്ടികളെ ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളിലൂടെ പുറംലോകത്തിൻെറ വെല്ലുവിളികൾ അഭിമുഖീകരിക്കാനായി തുറന്നു വിട്ടിരിക്കുകയാണ്. അവർ അവരുടെ ആത്മീയാന്വേഷണത്തിനും സംതുലിതമായ ജീവിത ശൈലിക്കും വേണ്ടത്ര ശ്രദ്ധ കൊടുക്കാൻ പറ്റാത്ത പുറംലോകത്തിൻെറ വെല്ലുവിളികൾ അഭിമുഖീകരിക്കുന്നു. അവർ അവർക്കു പുതുതായി ലഭിച്ച സ്വാതന്ത്ര്യത്തിലും ദുഃശീലങ്ങൾക്കായുള്ള അവസരങ്ങളിലും പ്രലോഭിതരാവുന്നു.

അതുകൊണ്ട്, അവരെ വർഷത്തിലൊരിക്കൽ ഒരു ഒത്തുചേരലിനു മണപ്പാക്കത്തേക്കു വരുത്തിച്ചതു ബഹുമാനപെട്ട മാസ്റ്ററുടെ, ബുദ്ധിപരമായ ഒരു ആശയമാണ് - അത് ഇതുമായി ബന്ധപ്പെട്ടവർ ശ്രദ്ധയോടുകൂടി ക്രമാനുസരണം നടപ്പിലാക്കേണ്ടതാണ്. ഇതു അവരുടെ അവസ്ഥ മുതിർന്നവർക്കു മനസ്സിലാക്കുവാൻ ലഭിച്ച ഒരു അവസരം കൂടിയായി. മുതിർന്നവർക്ക് അവരുടെ യൗവ്വനത്തിലെ ആശങ്കാപൂർണവും, രസഭരിതവുമായ ദിവസങ്ങളെ ഓർമ്മിക്കുവാനും അതു വിദ്യാർത്ഥികളുമായി പങ്കുവയ്ക്കാനും ഉള്ള സന്ദർഭമായി. അതു അവരെ തുറന്നു സംസാരിക്കുവാനും, പങ്കുവയ്ക്കുവാനും, ആത്മവിശ്വാസം ഉണ്ടാക്കുവാനും, ഉടനടി ആശ്വാസവും സമാധാനവും ഉളവാകാനും സഹായിച്ചു. അതുകൊണ്ട് അവർ കൂടുതൽ ആത്മവിശ്വാസത്തോടും ദൃഢവിശ്വാസത്തോടും കൂടി തിരിച്ചു പോവുന്നു. പല യുണിവേഴ്സിറ്റികളിലും ഉള്ള വിദ്യാർത്ഥിചര്യകൾ , സയിൻസ് ആൻഡ് സ്പിരിച്വാലിറ്റി ക്ലബ്ബ്, ഗ്ലോബൽ യൂത്ത് നെറ്റ്വർക്ക് വയ വെബിനാർസ്, സെൽഫ് ഡെവലപ്മൻറ് പ്രോഗ്രാം നടത്തൽ തുടങ്ങിയവയുടെ വിശദാംശങ്ങൾ പങ്കുവയ്ക്കലെല്ലാം വളരെ സഹായകമായിരുന്നു.

അവരെ ശാക്തീകരിക്കുക, സഹായവും ദിശബോധവും നൽകുക എന്നീ ഉദ്ദേശലക്ഷ്യങ്ങൾ നേടിയെന്ന് ഞാൻ വിശ്വസിക്കുന്നു. എന്നിരുന്നാലും ഒരു താത്കാലിക ഉത്സാഹമുണ്ടാവും, അവരെ എന്നുമെന്നും പരസ്പരം ബന്ധിപ്പിച്ചുകൊണ്ട്, ഈ ഉത്സാഹത്തെ നിലനിർത്തണം. ഇതു അവർക്കു ഇപ്പോഴുള്ള സുഹൃത്തുക്കള കൂടാതെ കൂടുതൽ പേരെ ഉൾക്കൊള്ളിച്ചു കൊണ്ട് ഒരു വലിയ സമൂഹമാക്കി അതിനെ സഹജമാർഗത്തിൻെറ മുഖ്യധാരയിലേക്കു യോജിപ്പിക്കാനാവണം. എങ്ങിനെയായാലും തുടർച്ചയായ ഈ പ്രവൃത്തികൾ പങ്കു വയ്ക്കാൻ ഒരു വേദിയുള്ളതു സഹായകമാവും.

മൂന്നാം ദിവസം എൻെറ മനസ്സിലുയുർന്ന് വന്നതെന്തെന്നാൽ ഇവരെല്ലാം നല്ല കുട്ടികളാണ്, പരിശുദ്ധരാണ്, മാസ്റ്റർ എന്തിന് വേണ്ടിയാണു നിലകൊള്ളുന്നത് എന്നും ഇവർക്കു നന്നായി അറിയാം. അതുകൊണ്ടു, അവരിൽ പ്രതീക്ഷ അർപ്പിക്കാം എന്നു സന്തോഷിച്ചുകൊണ്ടാണു ഞാൻ പുറത്തു വന്നതു, അതിനു അവരോടു നന്ദിയുണ്ട്. ഈ ചെറുപ്രായത്തിൽ തന്നെ അവരിൽ അവരവർക്കു വേണ്ടിയും സമൂഹത്തിനു വേണ്ടിയും ഒരു ചുമതലാബോധം ഉറപ്പിക്കാൻ കഴിഞ്ഞാൽ അതു ഒരു പുതിയ കരുത്തുറ്റ രാജ്യത്തിൻെറ നിർമാണത്തിനു ആക്കം കൂട്ടും.

ശ്രീ രാം ചന്ദ്ര മിഷൻ®

ECHOES

സ്വകാര്യ പ്രചരണത്തിനു മാത്രം

ജൂലായ് 2013 വാല്യം 6 ലക്കം 4

## മുതിർന്ന അഭ്യാസികൾക്കായി പരംധാം ആശ്രമം



60 വയ്സ്സിനു മേലെ ഉള്ള അഭ്യാസികൾക്കു താമസിച്ച് പരിശീലനം തുടരാനായി മാസ്റ്റർ പരം ധാം ആശ്രമത്തെ അനുഗ്രഹിച്ചിരിക്കുന്നു. ഈ അവസരം ഉപയോഗിക്കാൻ താത്പര്യമുള്ള അഭ്യാസികൾക്ക് അവിടെ 2 മാസം മുതൽ 6 മാസം വരെ താമസിക്കാം. അതിനായി അപേക്ഷ നൽകണം. അവർക്കാവശ്യമായ താമസം, ഭക്ഷണം, മറ്റു സൗകര്യങ്ങൾ എന്നിവ അവിടെ ചെയ്തുകൊടുക്കുന്നതാണ്. താമസ സൗകര്യത്തിൻെറ ലഭ്യത അനുസരിച്ച് അപേക്ഷ അയച്ച അഭ്യാസികൾക്ക് വിവരം അറിയിക്കുന്നതാണ്. പരം ധാമിനെപ്പറ്റിയുള്ള വിവരങ്ങൾ, അഡ്രസ്സ്, താമസ സൗകര്യത്തിൻെറ ലഭ്യത, അപേക്ഷാഫാറം എന്നിവ താഴെ പറയുന്ന അഡ്രസ്സിൽ ലഭിക്കുന്നതാണ് www.sahajmarg.org/smww/param-dham. പൂരിപ്പിച്ച അപേക്ഷ paramdham@srcm.org-ലേക്ക് അയക്കേണ്ടതാണ്.

## ഭാവിയിൽ പ്രയോജനപ്രദമാകുംവിധം മിഷൻെറ ചരിത്രവും ഉറവിടവും കണ്ടെത്തുന്നതിനും അഭ്യാസികൾക്ക് പങ്കെടുക്കാനവസരം

ഇന്നുവരെ നമ്മുടെ ഗ്രന്ഥാലയങ്ങൾ ശ്രദ്ധ ചെലുത്തിയിരുന്നത് രേഖകൾ, ഫോട്ടോകൾ, ദൃശ്യ-ശ്രവണ സി.ഡികൾ മുതലായവ സൂക്ഷിക്കുന്നതിലായിരുന്നു. ഇപ്പോൾ ശ്രദ്ധ മറ്റൊരു ദിശയിലേക്കുകൂടി തിരിഞ്ഞിരിക്കുകയാണ്. ഭാവിയിൽ ഒരു നൂറു വർഷങ്ങൾ കഴിഞ്ഞ് ഒരു ചരിത്രകാരൻ മിഷനെപ്പറ്റിയും അതിനോട് ബന്ധപ്പെട്ട മറ്റു സ്ഥാപനങ്ങളെപ്പറ്റിയും ഗവേഷണം നടത്തുമ്പോൾ ആവശ്യമായി വരുന്ന രേകളും മറ്റു വിവരങ്ങളും സ്രഷ്ടിക്കുന്നതിലേക്കാണ് ശ്രദ്ധ തിരിഞ്ഞിരിക്കുന്നത്. ഇന്നു നമുക്ക് വളരെ നിസ്സാരമായും അപ്ര ധാനമായും തോന്നുന്ന കാര്യങ്ങൾ പതിറ്റാണ്ടുകൾക്കു ശേഷം വരുന്ന ഒരു ഗവേഷകന് വിലമതിക്കാനാവാത്ത വിവരങ്ങൾ നൽകിയേക്കാം.

അതിനാൽ, പഴയ രേഖകൾ ശേഖരിക്കുന്നതിനും പുതിയവ സൂക്ഷിച്ചു വക്കുന്നതിനും പ്രാധാന്യമേറുന്നു. ചരിത്രം പഠിച്ച്, ലൈബ്രറി സയൻസ്, കമ്പ്യൂട്ടർ എന്നിവയിൽ പരിചയമുള്ള, താത്പ്പര്യമുള്ള അഭ്യാസികളെ മണപ്പാക്കത്തിൽ ഗ്രന്ഥാലയത്തിൽ വളണ്ടിയറായി പ്ര വർത്തിക്കുന്നതിനു ക്ഷണിച്ചിട്ടുണ്ട്. വിദ്യാഭ്യാസ യോഗ്യതയുള്ള, പരിചയ സമ്പന്നരായവർക്ക് ജോലിയും നൽകുന്നുണ്ട്.

### ആരംഭം

ഈ ഗ്രന്ഥാലയം സ്ഥാപിക്കുന്നതിന്നാവശ്യമായ പ്രാഥമികരേഖകൾ ശേഖരിക്കുന്നതിനായി സോൺ, കേന്ദ്രം, രാജ്യം ഇവിടങ്ങളിൽ നിന്നു നൂറുകണക്കിന് വളണ്ടിയർമാർ മുന്നോട്ട് വന്നിട്ടുണ്ട്. മിഷ്യനിൽ വ ളരെകാലമായുള്ള അഭ്യാസികളെ നേരിൽ കണ്ട് അവരുടെ ഓർമകളും, മിഷ്യൻെറ വളർച്ചയിൽ മാസ്റ്റർമാരുടെ പങ്കിനേക്കുറിച്ച് അവരുടെ അറിവും ശേഖരിക്കാൻ തുടങ്ങിയിട്ടുണ്ട്. ഇതിനായി ഇന്ത്യയിൽ നിന്നും പുറം രാജ്യങ്ങളിൽ നിന്നുമുള്ള സോണൽ ഹിസ്റ്ററി കൊ-ഓർഡിനേറ്റർമാർ ഉത്സാഹഭരിതരായ ഒരു സംഘം രൂപീകരിച്ച് അവർക്കാവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. ഈ പ്ര വർത്തി ഒരിക്കലും അവസാനിക്കുന്നില്ല. കാരണം മിഷൻ തുടർച്ചയായി വളർന്നുകൊണ്ടിരിക്കുകയാണ്. അതിനാൽ പുതിയ രേകളും ഫോട്ടോക ളും വന്നുകൊണ്ടേ ഇരിക്കും.

ഈ വിഷയത്തെപ്പറ്റി ആഗോളതലത്തിൽ ഗവേഷണം നടത്താൻ താത്പ്പര്യമുള്ളവർ ആപ്പീസുമായി ബന്ധപ്പെടുക. ഭാവി ചരിത്രം കാത്തു സൂക്ഷിക്കാൻ അഭ്യാസികളിൽ ഇന്നുള്ള താത്പ്പര്യം തുടർന്നു നിലനിൽക്കുകയാണെങ്കിൽ ഈ ശ്രമം വിജയകരമായിരിക്കും. ജൂൺ 5-ന് മാസ്റ്റർ പ്രവർത്തന കമ്മിറ്റി യോട് ഇതിനെപ്പറ്റി സംസാരിച്ചപ്പോൾ അദ്ദേഹം പറഞ്ഞത്:"നമ്മുടെ ഭാവിയുടെ ചരിത്രം ഇന്നു നാം സൃഷ്ടിക്കുകയാണ്" എന്നാണ്.

### നായകനെ പിന്തുടരുക.

ലോകത്താകമാനം ഈ പദ്ധതി നടത്തിക്കൊണ്ടുപോകാൻ അദ്ദേഹത്തിനുള്ള വ്യക്തിപരമായ താത്പ്പര്യത്തെയാ ണിത് സൂചിപ്പിക്കുന്നത്. വാസ്തവത്തിൽ ഈ മിഷനെപ്പറ്റിയുള്ള എല്ലാ വിവരങ്ങളും പിൻകാലത്തേക്കായി രേഖപ്പെടുത്തിവച്ചിരിക്കുന്നത് നമ്മുടെ മാസ്റ്റർ മാത്രമാണ് - അദ്ദേഹത്തിൻെറ മാസ്റ്ററെ പ്പറ്റിയായാലും, അദ്ധ്യാപനത്തെപ്പറ്റിയായാലും, യാത്രയെപ്പറ്റിയായാലും, അദ്ദേഹത്തിൻെറ ആദ്ധ്യാത്മിക, ഭൗതിക ജീവിതത്തെപ്പറ്റിയായാലും. ഒരു ചരിത്രകാരൻെറ കാഴ്ച്ചപ്പാടിലാണ് അദ്ദേഹം കത്തിടപാടും, ഡയറിയും സൂക്ഷിച്ചുവച്ചിരിക്കുന്നത്. മിഷനെപ്പറ്റി ഓരോ അഭ്യാസിയും തൻെറ മുമ്പിൽ പ്രത്യക്ഷപ്പെടുന്ന എല്ലാ വിവരങ്ങളും ഇതേ തരത്തിൽ രേഖപ്പെടുത്തുകയാണെങ്കിൽ അതെത്ര ബൃഹത്തായതായിരിക്കും എന്നത് നമുക്ക് അനുമാനിക്കാവുന്നതാണ്.

### ഇതിൽ നിങ്ങൾക്കു എപ്രകാരം സഹായിക്കാം?

1. ഇതിൽ വളണ്ടിയവരാകാൻ താത്പ്പര്യമുള്ളവർ സി. ഐ.സിയുമായി ബന്ധപ്പെട്ടാൽ അദ്ദേഹം ഹിസ്റ്ററി കൊ-ഓർഡിനേറ്ററുമായി ബന്ധപ്പെടുത്തും.
2. ഇതിലേക്കാവശ്യമായ രേഖകൾ നൽകാൻ കഴിവുള്ള ആരേയെങ്കിലും നിങ്ങൾക്കറിയുമെങ്കിൽ ഹിസ്റ്ററി കൊ-ഓർഡിനേറ്ററെ ഈ വിവരം അറിയിക്കുക.

കൂടുതൽ വിവരങ്ങൾക്കു mission.history@srcm.org -മായിബന്ധപ്പെടുക.

## കുട്ടികളുടെ വേനൽക്കാല ക്യാമ്പ്



### വിസ്മയകരമായ പത്ത് – ഇന്ദോർ, മധ്യപ്രദേശ്

വിസ്മയകരമായ പത്ത് എന്ന പുസ്തകത്തെ അടിസ്ഥാനമാക്കി ഇന്തോർ കേന്ദ്രത്തിൽ ഏകദേശം 40 കുട്ടികൾക്ക് 6 ദിവസത്തെ ഒരു പരിപാടി നടത്തി. ദൈവീക സ്മരണയിൽ നേരായ പാതയിൽ ജീവിക്കുക, വിഭവങ്ങളെ വിവേകത്തോടുകൂടി ഉപയോഗിക്കുക, സാഹോദര്യം, സ്നേഹം, അനുകമ്പ എന്നിവ അടിസ്ഥാനമാക്കി ജീവിക്കുക എന്നീ തത്വങ്ങളാണ് ഈ പുസ്തകം പഠിപ്പിക്കുന്നത്. കുട്ടികൾക്കായി നമ്മുടെ 10 സൂക്തങ്ങൾ പറഞ്ഞുകൊടുക്കാനാണ് ഈ പുസ്തകം ഉപയോഗിച്ചത്.

ശരിയായ വിധത്തിൽ എങ്ങിനെ ജീവിക്കണം എന്ന് ബഹു. ബാബുജി മഹാരാജ് കുട്ടികളെ പഠിപ്പിക്കുന്ന ഒരു ലഘുനാടകവുമായാണ് പരിപാടി ആരംഭിച്ചത്. ഓരോ ദിവസവും 2 സൂക്തങ്ങൾക്കായി വിനിയോഗിച്ചിരുന്നു. ഈ പുസ്തകത്തിലെ മൂല്യങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കാനാവശ്യമായ കളികളും നാടകങ്ങളും രൂപപ്പെടുത്തിയെടുക്കാൻ കുറെ വളണ്ടിയർമാർ പ്രവർത്തിച്ചിരുന്നു. കുട്ടികൾ ഈ പരിപാടി നന്നായി ആസ്വദിച്ചു. ഇതവരിൽ ഒരു നല്ല സ്വാധീനം സൃഷ്ടിച്ചു എന്നു തോന്നുന്നു.

### വിശാഘപട്ടണം

7 മുതൽ 17 വയസ് വരെ പ്രായമുള്ള ഏകദേശം 100 കുട്ടികൾക്ക് ഇവിടുത്തെ ആശ്രമത്തിൽ മേ 19–21 തിയ്യതികളിൽ മൂന്നു ദിവസത്തെ പരിപാടി സംഘടിപ്പിച്ചിരുന്നു. പ്രാർഥനക്കു ശേഷം പരിചയപ്പെടുത്തലോടുകൂടി പരിപാടി ആരംഭിച്ചു. കുട്ടികളെ 4 സാം ഘങ്ങളായി തിരിച്ചു. ധ്യാനത്തിൻെറ പ്രയോജനം, സ്വഭാവ രൂപീകരണം എന്നീ വിഷയങ്ങളെപ്പറ്റി ക്ലാസ് എടുത്തു.



നായകൻെറ ഗുണവിശേഷങ്ങൾ വളർത്തിയെടുക്കുന്നതിനെപ്പറ്റിയും, ഒരു സംഘത്തിൽ എങ്ങിനെ പ്രവർത്തിക്കാം എന്നതിനെപ്പറ്റിയും, ഗുരുദേവന്മാരുടെ കുട്ടിക്കാലം എങ്ങിനെയായിരുന്നു എന്നതിനെപ്പറ്റിയും പ്രദർശനങ്ങൾ അവതരിപ്പിച്ചു. ചിത്രം വരക്കൽ, കരകൗശല വസ്തുക്കൾ നിർമിക്കൽ, ജീവ ചൈതന്യ സിനിമ കാണൽ, ചർച്ചകൾ, ചോദ്യോത്തരങ്ങൾ, കളി എന്നിവയെല്ലാം ഈ പരിപാടിയിൽ ഉൾക്കൊള്ളിച്ചിരുന്നു. ഈ പരിപാടി നടക്കുന്ന സമയത്ത് ചെറുപ്പക്കാരായ അഭ്യാസികൾ ആശ്രമം വൃത്തിയാക്കി. 9 മണിക്കുള്ള സാർവലൗകിക പ്രാർഥന, ഡയറി എഴുത്ത്, രാത്രി കിടക്കാൻ നേരത്തെ പ്രാർഥന എന്നിവയുടെ പ്രാധാന്യത്തെപ്പറ്റി കുട്ടികൾക്ക് പറഞ്ഞുകൊടുത്തു.

കായികാഭ്യാസവും സൂര്യോദയ ദർശനവും ദിവസേന രാവിലത്തെ നടപടിക്രമങ്ങളായിരുന്നു. അച്ചടക്കം, സത്യം പറയുവാനുള്ള ധൈര്യം, ക്ഷമ, സുമുഖമായ പെരുമാറ്റം എന്നിവയുടെ പ്രാധാന്യത്തെപ്പറ്റി ഈ കൊച്ചുകുട്ടികൾക്ക് പറഞ്ഞുകൊടുത്തു. പാരിതോഷിക വിതരണത്തോടുകൂടി പരിപാടി അവസാനിച്ചു. ചില മാതാപിതാക്കൾ പരിശീലനത്തിൽ താത്പ്പര്യം പ്രകടിപ്പിക്കുകയും കുറച്ചു പേർ മിഷനിൽ ചേരുകയും ചെയ്തു. ഈ ക്യാമ്പിൽ പങ്കെടുത്തതിൻെറ ആഹ്ലാദം കുട്ടികൾ പ്രകടിപ്പിച്ചു.

### മഹരാഷ്ട്രയിലെ ജൽഗാവിൽ കുട്ടികളുടെ പരിപാടി.

ജൽഗാവിൽ നിന്നും അതിനടുത്തുള്ള കേന്ദ്രങ്ങളിൽ നിന്നും വന്ന ഏകദേശം 26 കുട്ടികൾക്ക് 2013 ജൂൺ 9–ന് ഒരു പരിപാടി സംഘടിപ്പിച്ചു. പ്രാർഥനയോടുകൂടി പരിപാടി തുടങ്ങി. അതിനുശേഷം കുട്ടികളെ പുറത്തു കളിക്കാനായി ഒരു ഉദ്യാനത്തിലേക്കു കൊണ്ടുപോയി. ഒരുനല്ല പ്രഭാത ഭക്ഷണത്തിനുശേഷം കഥ പറയലും മറ്റു ചെറിയ പ്രദർശനങ്ങളും ഉണ്ടായിരുന്നു. ഉച്ചഭക്ഷണത്തിനുശേഷം കുട്ടികൾ വർണകടലാസ് ഉപയോഗിച്ച് വിവിധതരം രൂപങ്ങൾ നിർമിക്കാൻ പഠിച്ചു. "ടെലിവിഷനെക്കൊണ്ട് എന്തു ചെയ്യാം" എന്ന വിഷയത്തെപ്പറ്റി ഒരു പ്രധാനമായ ചർച്ചയും നടന്നു. പാരിതൊഷികങ്ങൾ വിതരണം ചെയ്തതോടുകൂടി പരിപാടി അവസാനിച്ചു. കുട്ടികൾ ഇതിൽ വളരെ ഉത്സാഹത്തോടുകൂടി പങ്കെടുത്തു.

ജൽഗാവും അതിനടുത്ത കേന്ദ്രങ്ങളിൽ നിന്നുമുള്ള ഏകദേശം 30 അഭ്യാസികൾക്കു ഒരു മുഴുദിന പരിപാടി നടത്തി. പല വിഷയങ്ങളെ കുറിച്ചും പൊതു ചർച്ചകൾ ഉണ്ടായിരുന്നു. ജൂലൈ 24–ലെ പരിപാടി വാരംഗാവ് കേന്ദ്രത്തിൽ വച്ചു നടത്താൻ തീർച്ചയാക്കി. വൈകുന്നേരത്തെ 5–മണിക്കുള്ള സത്സംഗത്തോടുകൂടി പരിപാടി അവസാനിച്ചു.



**സീതാപൂർ, യു. പി**




2013 മേയ് 21 മുതൽ 30 വരെ ബ്രിജ് കിഷോർ ടാൻഡൻ മിൻെറാ ദേവി ഗൾസ് സ്കൂളിൽ വച്ച് സീതാപൂർ കേന്ദ്രം 6–12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി ഒരു പരിശീലന ക്യാമ്പ് നടത്തി. വിദ്യാർഥികളിൽ ആദ്ധ്യാത്മികതയുടെ വിത്തു പാകുകയായിരുന്നു ഈ ക്യാമ്പിൻെറ പ്രധാന ഉദ്ദേശ്യം. ജീവിതം, ഞാൻ ആരാണ്, ശരീരം, മനസ്, ബുദ്ധി, സ്നേഹം, പ്രകൃതി, പ്രാർഥന, ഗുരു, ദൈവം തുടങ്ങിയ വിഷയങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തിക്കൊടുത്തു. സാമൂഹിക പ്രാധാന്യമുള്ള മറ്റു വിഷയങ്ങളും അതാതു വിഷയങ്ങളിൽ പ്രാവീണ്യം സിദ്ധിച്ചിരുന്നവരുടെ സാന്നിദ്ധ്യത്തിൽ അവിടെ ചർച്ച ചെയ്തു.

മേയ് 24–ന് 'പോലീസിൻെറ പ്രവർത്തന ചട്ടക്കൂട്' എന്ന വിഷയത്തെപ്പറ്റി സീതാപൂർ എസ്.എസ്.പി ശ്രീ ബി. ബി. സിംഗും 'അന്തരീക്ഷ മലിനീകരണവും നമ്മുടെ ചുറ്റുപാടും' എന്ന വിഷയത്തെപ്പറ്റി എൻ.സി.സി-യിലെ കേണൽ ശ്രീ പി.എസ്. ബിന്ദ്രയും പ്രഭാഷണങ്ങൾ നടത്തി. അത് കുട്ടികൾക്ക് ഉപകാരപ്രദമായിരുന്നു. പങ്കെടുത്തവർക്കെല്ലാം സർട്ടിഫിക്കേറ്റ് നൽകിക്കൊണ്ട്പരിപാടി അവസാനിച്ചു.

**അഹമദാബാദ് ആശ്രമം**

ഗുജറാത്തിലെ രണ്ട് സോണുകളിലെ കുട്ടികൾക്കായി മേയ് 31 മുതൽ ജൂൺ 2 വരെ ഒരു ത്രിദിന ക്യാമ്പ് നടത്തി. 7–17 വയസ് പ്രായമുള്ള 75 കുട്ടികൾ പങ്കെടുത്തു. പത്തു പ്രമാണങ്ങളെ ആസ്പദമാക്കിയുള്ള ജീവിത മൂല്യങ്ങൾ കുട്ടികളിൽ വേരുറപ്പിക്കുക എന്ന ലക്ഷ്യത്തോടേയാണ് ഈ ക്യാമ്പ് നടത്തിയത്. പാട്ടുപഠിക്കൽ, ചിത്ര രചന, കരകൗശലം, പരിസ്ഥിതിപരിപാലനം, വിവിധ കളികൾ, ക്വിസ്, ജീവിതോത്തേജകമായ വിദ്യാഭ്യാസം തുടങ്ങിയവയായിരുന്നു പ്രധാന പ്രവർത്തന പരിപാടികൾ. ചെറുകഥകളേയും പത്തു പ്രമാണങ്ങളേയും അടിസ്ഥാനമാക്കിയുള്ള ചെറു നാടകങ്ങൾ അവതരിപ്പിച്ചു.

ഒരു ആത്മാവ് മനുഷ്യ ജന്മമെടുത്ത് ദൈവീകത അടയുന്ന പരിണാമ വൃത്തിയെക്കുറിച്ചുള്ള ഒരു നാടകം വാളണ്ടിയർമാർ അവതരിപ്പിച്ചു. ഏവരും അത് ആസ്വദിച്ചു.

പരിപാടിയുടെ നടത്തിപ്പിൽ പതിനഞ്ചോളം വളണ്ടിയർമാർ അക്ഷീണം പ്രയത്നിച്ചു. അച്ചടക്കം, സമയനിഷ്ഠ, ശുചിത്വം, സംരക്ഷണം തുടങ്ങിയ കാര്യങ്ങളിൽ സംഘങ്ങൾ ശ്രദ്ധ ചെലുത്തി. അറുനൂറു വർഷം പഴക്കമുള്ള അഹമദാബാദിൻെറ ചരിത്രം തുറന്നുകാട്ടുന്നതിനായി നടത്തിയ ഒരു പൈതൃക യാത്രയായിരുന്നു ഏറ്റവും പ്രാധാന്യമേറിയ പരിപാടി. പരിപാടി എല്ലാ കുട്ടികളും ആസ്വദിച്ചു എന്നും അതിൽനിന്നു ഒരുപാടു കാര്യങ്ങൾ പഠിക്കാൻ കഴിഞ്ഞു എന്നും കുട്ടികൾ അഭിപ്രായപ്പെട്ടു.

**പൻവേൽ, മുംബൈ**

8–12, 13–17 പ്രായങ്ങളിലുള്ള ഏകദേശം 45 കുട്ടികൾക്കായി പൻവേൽ ആശ്രമത്തിൽ മേയ് 17–19 തിയ്യതികളിൽ ഒരു ത്രിദിന ക്യാമ്പ് നടത്തി. പൂനെ, നാസിക്, ഖൊപ്പോളി തുടങ്ങിയ കേന്ദ്രങ്ങളിൽ നിന്നുള്ളവരായിരുന്നു ഈ കുട്ടികൾ. പരസ്പരം പരിചയപ്പെടുത്തലിനുശേഷം വിവിധ സംഘങ്ങളായി തിരിഞ്ഞ് 17–ന് പ്രവർത്തനം തുടങ്ങി. വിനോദം, ദൈവീക തലത്തിൽ നിന്നും, മാനുഷിക തലത്തിൽ നിന്നും എങ്ങിനെ വിതരണം നടത്താം, ഞാൻ ആരാണ് എന്നീ വിഷയങ്ങളിൽ ചർച്ച നടത്തി. കുട്ടികളുടെ അഭിപ്രായങ്ങളും, പ്രതികരണങ്ങളും വിദഗ്ധരെ അത്ഭുതപ്പെടുത്തി. 'അസൂയ, മുൻവിധി, വെറുപ്പ് എന്നിവ ഒഴിവാക്കി സ്നേഹഭാവം പുറത്ത് കൊണ്ടുവരൽ' എന്നതായിരുന്നു വൈകുന്നേരത്തെ ചർച്ചാവിഷയം. ഉറങ്ങുന്നതിനു മുമ്പ് കുട്ടികളോട് ഡയറി എഴുതുവാൻ നിർദ്ദേശിച്ചു.

യോഗയോടുകൂടി രണ്ടാം ദിവസം തുടങ്ങി. മുതിർന്ന കുട്ടികളുടെ സംഘം 'പണത്തിൻെറ പ്രാധാന്യം' എന്ന വിഷയം ചർച്ചക്കെടുത്തപ്പോൾ മറ്റു കുട്ടികൾക്കായി പത്തു പ്രമാണങ്ങൾ അക്കങ്ങളുമായി കൂട്ടിയിണക്കി നടത്തിയ പരിപാടി ആനന്ദവും ഫലപ്രദവുമായി. കുട്ടികൾക്കായി ചെറു വീഡിയോകൾ പ്രദർശിപ്പിച്ചു. അതിനുശേഷം ക്വിസ് നടത്തി. 'വിജയത്തിനായി പടവുകൾ നിർമിക്കൽ' എന്ന വിഷയം ചർച്ച ചെയ്തപ്പോൾ കുട്ടികൾ അവരുടെ ഭാവി ജീവിതത്തെപ്പറ്റി പ്രഭാഷകരോട് ചോദ്യങ്ങൾ ചോദിച്ചു. സഹോ. സുദേഷ് ത്രിപാഠി 'അവിശ്വസനീയ ഇന്ത്യ', 'യദൃശ്ചികമായ പത്തു ശാസ്ത്രീയ കണ്ടുപിടിത്തങ്ങൾ' എന്നീ വിഷയങ്ങളിൽ വീഡിയോകൾ പ്രദർശിപ്പിച്ചു. അതിനുശേഷം ക്വിസ് പരിപാടി നടത്തി.

അവസാന ദിവസം കുട്ടികളെ ഒരു ഉദ്യാനത്തിൽ വിവിധ കളികൾക്കായി കൊണ്ടുപോയി. മാസ്റ്റർ പലപ്പോഴും പറഞ്ഞിട്ടുള്ള കഥകൾ അവർ ചെറു നാടകങ്ങളായി അവതരിപ്പിച്ചു. അതിനായി ആദ്യത്തെ രണ്ടു രാത്രികളിലും അവർ പരിശീലിക്കുന്നുണ്ടായിരുന്നു. സമ്മാന വിതരണത്തോടുകൂടി ക്യാമ്പ് അവസാനിച്ചു. കുട്ടികൾ ഈ പരിപാടി ആസ്വദിച്ചു എന്നത് അവരുടെ അഭിപ്രായങ്ങളിൽ നിന്നു മനസ്സിലായി.





## പുതിയ നിയമനങ്ങൾ

സഹോ. കെ.ടി. കൃഷ്ണൻ
സെൻറർ-ഇൻ-ചാർജ്, പാലക്കാട്

സഹോ. സി. കെ. പ്രമോദ്
സെൻറർ-ഇൻ-ചാർജ്, കൊച്ചി/എറണാകുളം

സഹോ. പി. കെ. ഗോപിനാഥൻ
സെൻറർ-ഇൻ-ചാർജ്, പട്ടാമ്പി

## യുവാക്കൾക്കായുള്ള സോണൽ തലത്തിലുള്ള സെമിനാർ, ഭോപാൽ, എം. പി.

18-35 വയസ് പ്രായമുള്ള 43 യുവാക്കളായ അഭ്യാസികൾക്കായി മേയ് 11-12 തിയ്യതികളിൽ ഒരു ദ്വിദിന സെമിനാർ ഭോപാൽ ആശ്രമത്തിൽ വച്ചു നടത്തി. വിദിഷ, ഭോപാൽ, ഗഞ്ച് ബസൊഡാ, ഹോഷങ്ങാബാദ്, ഇന്ദോർ, ജബൽപൂർ, തിക്കംഗാർഹ്, ബെറാസിയ, ദില്ലോട്, റിവ തുടങ്ങിയ കേന്ദ്രങ്ങളിൽ നിന്നു വന്ന ഈ അഭ്യാസികൾ ഉത്സാഹഭരിതരായി പങ്കെടുത്തു.

'സഹജമാർഗത്തെ ജീവിതവുമായി ഇണക്കിച്ചേർക്കൽ' എന്ന വിഷയമായിരുന്നു ഈ സെമിനാറിൻെറ ചിന്താവിഷയം. 11-ന് റെജിസ്റ്റർ ചെയ്തതിനുശേഷം 'ജീവിതത്തിൻെറ സമതുലനം' എന്ന വിഷയത്തെപ്പറ്റി ചർച്ച നടന്നു. രണ്ടാം ദിവസം 'ഒത്തൊരുമിച്ച് പ്രവർത്തിക്കൽ' എന്ന വിഷയത്തെപ്പറ്റി ചർച്ച നടത്തി. ചർച്ചകൾ,



വീഡിയോ പ്രദർശനം, ആത്മപരിശോധന നടത്തൽ, തുടങ്ങിയ വിവിധ പരിപാടികളിലൂടെ ഈ രണ്ട് വിഷയങ്ങളും കൈകാര്യം ചെയ്തു. ഏവരും പൂർണ്ണമനസ്സോടെ പങ്കെടുക്കുകയും മാസ്റ്റർ സൃഷ്ടിച്ച ദൈവീക അന്തരീക്ഷം ആസ്വദിക്കുകയും ചെയ്തു. ജീവിതത്തിനു സമതുലനം ഉണ്ടാക്കുന്നതിനും, ഒത്തൊരുമിച്ചു പ്രവർത്തിക്കുന്നതിനും ആവശ്യമായത് മാസ്റ്ററുമായുള്ള ബന്ധമാണെന്നു എല്ലാവരും മനസ്സിലാക്കി. പങ്കെടുത്തവരെല്ലാം സന്തുഷ്ടരായിരുന്നു. ഇത്തരമൊരു പരിപാടിയിൽ വീണ്ടും പങ്കെടുക്കുന്നതിന് ഏവരും ആഗ്രഹം പ്രകടിപ്പിച്ചു.

## രജത ജൂബിലീ ആഘോഷങ്ങൾ, വിശാഖപട്ടണം.

1988 മെയ് 15-ന് ആയിരുന്നു മാസ്റ്റർ ഈ ആശ്രമം ഉത്ഘാടനം ചെയ്തത്. അഭ്യാസികൾ ഈ സന്ദർഭം കൊണ്ടാടുവാൻ ആഗ്രഹിക്കുകയും മാസ്റ്റർ അത് ഉചിതമായ രീതിയിൽ കൊണ്ടാടുവാൻ അനുവദിക്കുകയും ചെയ്തു.

മെയ് 15-ന് രാവിലെ 9 മണിക്കു നടത്തിയ സത്സംഗത്തോടെ തുടങ്ങിയ പരിപാടിയിൽ ഏകദേശം പന്ത്രണ്ട് ഉപകേന്ദ്രങ്ങളിൽ നിന്നു വന്ന 900 അഭ്യാസികൾ പങ്കെടുത്തു. 1988-ൽ സെൻറർ-ഇൻ-ചാർജ് ആയിരുന്ന ബ്രദർ വിശ്വപതി ശാസ്ത്രി സത്സംഗം നടത്തി. 1988 തുടങ്ങി പരിശീലനം നടത്തുന്ന അഭ്യാസികളെ സമുചിതമായി അഭിനന്ദിച്ചു.

1988-ൽ പരിശീലനം തുടങ്ങി പിന്നീട് വിട്ടുപോയ അഭ്യാസികളെ ഈ പരിപാടിയിൽ പങ്കെടുക്കാൻ സെൻറർ-ഇൻ-ചാർജ് ബ്രദർ സപ്തമുക്കുലു, പ്രത്യേകം ക്ഷണിച്ചിരുന്നു. ഇവരിൽ ഏകദേശം 50 പേർ പങ്കെടുത്തു. പലരും പരിശീലനം വീണ്ടും തുടങ്ങാനായി ആഗ്രഹം പ്രകടിപ്പിച്ചു.

ആശ്രമ ഉത്ഘാടന വേളയിൽ മാസ്റ്റർ നടത്തിയ പ്രഭാഷണങ്ങളായ 'മാസ്റ്ററോടുള്ള ബന്ധം' 'ആശ്രമത്തിൻെറ ആവശ്യകത' 'പരിശീലനത്തിൻെറ ഒഴിവാക്കാനാകാത്ത ആവശ്യകത' എന്നിവ വീണ്ടും പ്രഭാഷണ വിഷയങ്ങളായി.

വൈകീട്ട് 6.30-ന് നടത്തിയ സത്സംഗത്തോടെ ആഘോഷപരിപാടികൾ അവസാനിച്ചു. പ്രാദേശിക തെലുഗു പത്രങ്ങളിലെല്ലാം ഈ ആഘോഷ പരിപാടികളെപ്പറ്റി പ്രസിദ്ധീകരിച്ചു. എല്ലാ അഭ്യാസികൾക്കും ഇത് മറക്കാനാവാത്ത അനുഭവമായി. അവർ അനുഗ്രഹം നിറഞ്ഞ ഈ ആഘോഷ പരിപാടിയിൽ സന്തോഷവും നന്ദിയും പ്രകടിപ്പിച്ചു.





പ്രകാശകേന്ദ്രം

## ഡിയൊാറിയ ആശ്രമം, ഉത്തർ പ്രദേശ്

ഡിയൊാറിയ ജില്ലയുടെ ആസ്ഥാനമായ ഡിയോറിയ, കിഴക്കൻ ഉത്തർപ്രദേശിൽ ഗൊർപൂരിൽ നിന്നും 50 കി. മി. ദൂരെ സ്ഥിതിചെയ്യുന്നു. 'ഡിയോറിയ' എന്ന വാക്കിനർത്ഥം ധാരാളം അമ്പലങ്ങളുള്ള സ്ഥലം എന്നാണ്. 1994–ലാണ് ഇവിടെ സെൻറർ തുടങ്ങുന്നത്. ബിഹാറിലെ ചപാറ എന്ന സ്ഥലത്തു നിന്നുള്ള പ്രിഫെക്റ്റ് ബ്രദർ രാം ദാസ് സിംഗാണ് ഈ സെൻറർ തുടങ്ങാൻ ശ്രമിച്ചത്. അദ്ദേഹത്തിൻെറ ഈ കേന്ദ്രത്തിലേക്കുള്ള തുടർച്ചയായ സന്ദർശനം ഈ കേന്ദ്രത്തിലെ ആദ്യ പ്രിഫെക്റ്റിനെ തിരഞ്ഞെടുക്കുന്നതിലേക്കു നയിച്ചു. ശ്രീ അജയ് തിവാരിയുടെ അക്ഷീണ പ്രയത്നത്താൽ കേന്ദ്രത്തിലെ അംഗസംഖ്യ പലയിരട്ടി വർദ്ധിച്ചു. സമൂഹത്തിലെ എല്ലാ തുറകളിൽ നിന്നുമുള്ളവർ മിഷനിൽ ചേർന്നു. അങ്ങിനെ അഭ്യാസിയായ ഒരാളാണ് മാസ്റ്ററുടെ സഹപാഠിയായിരുന്ന ബ്രദർ രമാ ശങ്കർ ദീക്ഷിത്; അദ്ദേഹം ഇപ്പോൾ ഒരു പ്രിഫെക്റ്റാണ്. 1999 ഒക്റ്റോബർ 15–ന് മാസ്റ്റർ കുറച്ചു സമയം ഇവിടെ ചിലവഴിച്ചു. കുറച്ചു സമയമേ അദ്ദേഹം ഇവിടെ ചിലവഴിച്ചുള്ളുവെങ്കിലും ഈ കേന്ദ്രത്തിലെ അഭ്യാസികൾക്കത് അനുഗ്രഹീത നിമിഷങ്ങളായിരുന്നു.

ബ്രദർ ദീക്ഷിത്തിൻെറ വീട്ടിൽ ഞായറാഴ്ച്ചകളിൽ സത്സംഗം നടത്തിയിരുന്നു. കേന്ദ്രത്തിലെ അഭ്യാസികളുടെ എണ്ണം വർദ്ധിച്ചതിനാൽ ഒരു ആശ്രമം നിർമിക്കേണ്ടതിൻെറ ആവശ്യകത എല്ലാവർക്കും അനുഭവമായി. അങ്ങിനെ 2001 ജൂൺ 21–ന ഒരുകൂട്ടം സ്ഥിരോത്സാഹികളായ അഭ്യാസികളുടെ പ്രയത്നത്താൽ ആശ്രമത്തിനായി സ്ഥലം വാങ്ങി. ബ്രദർ വൈദ്യ പരസ്നാഥ്തിവാരി, ഡോ. മുർജാനി, ബ്രദർ ഐ.ഡി. കേഡിയ തുടങ്ങയവർ ഇവരിൽ ചിലരായിരുന്നു.

ഡിയോറിയ പട്ടണത്തിൽ നിന്നും 4 കി. മീ ദൂരെ സോണുഘട്ടിലാണ് 1.5 ഏക്കർ സ്ഥലം. 2006 മാർച്ച് 19–ന ആശ്രമനിർമാണം തുടങ്ങി. അടുക്കളയോടുകൂടിയ ധ്യാന ഹാൾ 65x40 അടി വിസ്തൃതിയിലാണ്. നൂറോളം അഭ്യാസികൾക്ക് ഇവിടെ ധ്യാനിക്കാൻ കഴിയും. 2008 നവംബർ 16–ന മിഷൻ സിക്രട്ടറി ബ്രദർ ഉമാശങ്കർ, മാസ്റ്ററുടെ നിർദ്ദേശമനുസരിച്ച് ആശ്രമം ഉത്ഘാടനം ചെയ്തു. ആശ്രമത്തിനു മാസ്റ്റർ സ്നേഹപൂർവം 'ശാന്തി ആശ്രമം' എന്നു പേരിട്ടു.

ശൗചാലയം, സൂക്ഷിപ്പുകാരനുള്ള മുറി എന്നിവയോടുകൂടിയ ഈ ആശ്രമത്തിൽ എല്ലാ സൗകര്യങ്ങളുമുണ്ട്. ഒരു കൊച്ചു പൂന്തോട്ടം ഈ ആശ്രമത്തിനു കൂടുതൽ മിഴിവേകുന്നു. അഭ്യാസികൾക്ക് താമസിക്കുവാനുള്ള സൗകര്യം ഇവിടെ ഉണ്ട്. ഞായറാഴ്ച്ചകളിൽ സത്സംഗത്തിനായി ഏകദേശം എൺപത് അഭ്യാസികൾ ഇവിടെ സന്നിഹിതരാകാറുണ്ട്. സമീപത്തുള്ള കേന്ദ്രങ്ങളിൽ നിന്നുള്ള അഭ്യാസികളോടൊപ്പം ഇവിടെ ഭണ്ഡാരകൾ ആഘോഷിക്കാറുണ്ട്. ഞായറാഴ്ച്ചകളിൽ നടത്തുന്ന സത്സംഗത്തിനു പുറമെ അഭ്യാസി പരിശീലന പരിപാടികൾ, പ്രബന്ധ രചന മത്സരങ്ങൾ തുടങ്ങിയവ ഇവിടെ നടത്താറുണ്ട്. ആശ്രമ പരിസരത്ത് കൂടുതൽ സൗരോർജ വിളക്കുകൾ സ്ഥാപിക്കാനും പുതിയ ഗേറ്റ്നിർമിക്കാനും ആശ്രമ പരിപാലന കമ്മിറ്റി പദ്ധതിയിട്ടിട്ടുണ്ട്.

ഞങ്ങളുടെ ആദ്ധ്യാത്മികോന്നതിക്കായി മാസ്റ്റർ സ്നേഹപൂർവം ഈ ആശ്രമം ഒരുക്കിത്തന്നതിൽ ഞങ്ങൾ അനുഗ്രഹീതരാണ്.











To download or subscribe to this newsletter, please visit http://www.sahajmarg.org/newsletter/india For feedback, suggestions and news articles please send email to in.newsletter@srcm.org

© 2013 Shri Ram Chandra Mission ("SRCM"). All rights reserved. "Shri Ram Chandra Mission", "Sahaj Marg", "SRCM", "Constant Remembrance" and the Mission's Emblem are registered Trademarks of Shri Ram Chandra Mission.This Newsletter is intended exclusively for the members of SRCM. The views expressed in the various articles are provided by various volunteers and are not necessarily those of SRCM.